# കേരള സർവകലാശാല

നം. പി.ആർ.066/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ ബിരുദ ബിരുദാനന്തര വിഭാഗങ്ങളിലായി 25 കോഴ്സുകൾക്ക് ഇന്ന് മുതൽ ഓൺലൈനായി (www.sde.keralauniversity.ac.in) എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. യു.ജി.സി. വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അംഗീകാരത്തോടെ 2017-18 അക്കാദമിക് വർഷത്തേക്ക് ബി.എ, ബി.എസ്സി, ബി.കോം, ബി.എൽഐഎസ്സി, എം.എ, എം.എസ്സി, എം.കോം, എം.എൽഐഎസ്സി എന്നീ കോഴ്സുകളിലേക്കാണ് ഈ വർഷം പ്രവേശനം നടത്തുക. യു.ജി.സി. അംഗീകാരം പുനസ്ഥാപിച്ചതിനെ തുടർന്ന് വിദൂര വിദ്യാഭ്യാസ കേന്ദ്രം പ്രവേശന നടപടികൾ ആരംഭിക്കുന്നത് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാവും ഗുണം ചെയ്യുക. കഴിഞ്ഞ രണ്ട് വർഷങ്ങളിലും യു.ജി.സി. അംഗീകാരം നഷ്ടമായതിനെതുടർന്ന് പ്രവേശനം നടത്താൻ സർവകലാശാലയ്ക്ക് സാധിച്ചിരുന്നില്ല. യു.ജി.സിയുടെ വിദഗ്ധസമിതി വിദൂര വിദ്യാഭ്യാസ കേന്ദ്രം സന്ദർശിക്കുകയും കോഴ്സുകൾ, അദ്ധ്യാപനം, കോൺടാക്ട് ക്ലാസുകൾ,ലൈബ്രറി, ലബോറട്ടറി തുടങ്ങി വിവിധ ഘടകങ്ങളുടെ നിലവാരം വിലയിരുത്തിയ ശേഷം പൂർണ്ണ തൃപ്തി അറിയിച്ചതിനെ തുടർന്നാണ് അംഗീകാരം പുനസ്ഥാപിച്ചത്. വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ നിർദ്ദേശത്തെ തുടർന്ന് നേരത്തെ തന്നെ ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കുകയും റെഗുലർ മോഡിൽ സർവകലാശാല നൽകാത്ത ചില സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾ, മാനേജ്മെന്റ് കോഴ്സുകൾ എന്നിവ നിർത്തലാക്കി യു.ജി.സി ആവശ്യപ്പെട്ട സത്യവാങ്മൂലം നൽകുകയും ചെയ്തിരുന്നു. ദേശീയതലത്തിൽ തന്നെ പഠനനിലവാരത്തിൽ മുന്നിട്ട് നിൽക്കുന്ന കേരള സർവകലാശാലയുടെ റെഗുലർ കോഴ്സുകളുടെ അതേ സിലബസായിരിക്കും വിദൂര വിദ്യാഭ്യാസ കോഴ്സുകളും പിന്തുടരുക.പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലായിരിക്കും ഇത്തവണ പ്രവേശനം നടക്കുക. കോഴ്സ് വിവരങ്ങൾ, ഫീസ് ഘടന, സിലബസ് എന്നിങ്ങനെയുള്ള കൂടുതൽ വിശദാംശങ്ങൾക്ക് (ideku.net) എന്ന വെബ്സൈറ്റ് സന്ദർശിക്കുക

തിരുവനന്തപുരം.
26.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**